പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5166 28.10.2016-ലെ മറുപടിക്ക്

# മുതിർന്ന പൗരന്മാർക്ക് സൂപ്പർ ഫാസ്റ്റ് ബസ്സുകളിൽ പ്രത്യേക റിസർവ്വേഷൻ


ചോദ്യം

ശ്രീ. ആർ. രാമചന്ദ്രൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)


| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരന്മാർക്ക് സൂപ്പർ ഫാസ്റ്റ് ബസ്സുകളിൽ പ്രത്യേക റിസർവ്വേഷൻ അനുവദിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ മുതിർന്ന പൗരന്മാർക്ക് സൂപ്പർ ഫാസ്റ്റ് ബസുകളിൽ റിസർവ്വേഷൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | മുൻകൂട്ടി റിസർവ്വ് ചെയ്ത് യാത്ര ചെയ്യേണ്ട ബസ്സുകളിൽ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, വികലാംഗർ എന്നിവർക്ക് പ്രത്യേകമായി സീറ്റ് അനുവദിച്ചിട്ടുണ്ടോ; റിസർവ്വേഷൻ കൗണ്ടറിൽ റിസർവ് ചെയ്യാതെ തന്നെ അവർക്ക് മാറ്റി വച്ച സീറ്റുകൾ അനുവദിക്കുമോ എന്ന് വിശദീകരിക്കുമോ? | (ബി) | മുൻകൂട്ടി റിസർവ്വ് ചെയ്ത് യാത്ര ചെയ്യേണ്ട ബസ്സുകളിൽ സ്ത്രീകൾക്ക് മാത്രം 1 മുതൽ 3 വരെയുള്ള സീറ്റുകൾ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. മറ്റുള്ള സീറ്റുകളിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. റിസർവ്വ് ചെയ്യാതെ തന്നെ അവർക്ക് വേണ്ടി സീറ്റ് മാറ്റി വയ്ക്കുവാൻ സാധിക്കുകയില്ല. അത്തരത്തിലുള്ള സംവരണം, സീറ്റുകൾ ഒഴിഞ്ഞു കിടക്കുവാൻ ഇടവരുന്ന സാഹചര്യത്തിൽ കൂടുതൽ നഷ്ടം സംഭവിക്കും എന്നുള്ളതിനാൽ ഇതരവിഭാഗങ്ങൾക്ക് റിസർവ്വ് ചെയ്ത് യാത്ര ചെയ്യുന്ന ബസ്സുകളിൽ സംവരണം ഏർപ്പെടുത്തുവാൻ സാധിക്കുകയില്ല. |

[signature]

സെക്ഷൻ ഓഫീസർ